# 'കുടിവെള്ളത്തിനുള്ള അവകാശം നിഷേധിക്കാനാവില്ല' : അഡ്വ. രാംകുമാർ

തയ്യാറാക്കിയത് : എൻ.പി. ജോൺസൺ

പെരുമാട്ടി പഞ്ചായത്തും കൊക്കോ കോളയും തമ്മിലുള്ള കേസിൽ കേരള ഹൈക്കോടതിയിൽ കമ്പനിക്കുവേണ്ടി ഹാജരായത് സുപ്രീംകോടതിയിലെ പ്രശസ്ത അഭിഭാഷകൻ എഫ്.എസ്. നരിമാനായിരുന്നു. അദ്ദേഹത്തിന്റെ വാദമുഖങ്ങളെ അഡ്വ. കെ. രാംകുമാർ നേരിട്ടത് "ജനങ്ങളുടെ കുടിവെള്ളം ലഭിക്കുന്നതിനുള്ള അവകാശത്തിനുവേണ്ടിയുള്ള ഇടപെടൽ തെറ്റാണെന്ന് ആരു പ്രഖ്യാപിച്ചാലും അത് ശുദ്ധ അസംബന്ധമാണ്" എന്ന പ്രസ്താവനകൊണ്ടാണ്. തുടർന്ന് നീതിയുടെ പക്ഷത്തുനിന്നു കൊണ്ടുള്ള തന്റെ ന്യായവാദങ്ങൾ അതിവിദഗ്ദ്ധമായി അവതരിപ്പിച്ചു കൊണ്ട് അദ്ദേഹം നടത്തിയ പ്രതിവാദം നിയമവൃത്തങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

പെരുമാട്ടി ഗ്രാമപഞ്ചായത്തിനു വേണ്ടി ഹാജരായതിന് അദ്ദേഹത്തിന് നൽകേണ്ടിയിരുന്ന പ്രതിഫലം നാമമാത്രമായി വെട്ടിക്കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയ കേരള സർക്കാർ അതേസമയം കമ്പനിയ്ക്ക് കാവൽ നിന്ന വകയിൽ പോലീസ് വകുപ്പിന് നൽകേണ്ട പ്രതിഫലത്തുകയിൽ വെട്ടിക്കുറവു വരുത്തി കോളക്കമ്പനിയ്ക്ക് ലക്ഷക്കണക്കിന് രൂപയുടെ ആനുകൂല്യം നൽകുകയും ചെയ്തു.

കേരളീയത്തിനു നൽകിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ:

***? എന്താണ് കേസിന്റെ ഇപ്പോഴത്തെ സ്ഥിതി? കേസിന്റെ ഭാവിയെക്കുറിച്ച് എന്താണ് പ്രതീക്ഷിക്കുന്നത്?***

● പഞ്ചായത്ത് നിർദ്ദേശിച്ച ഉപാധികൾക്കു വഴങ്ങാൻ കമ്പനി വിസമ്മതിച്ചപ്പോഴാണ് പഞ്ചായത്ത് കോളകമ്പനിയുടെ ലൈസൻസ് റദ്ദ് ചെയ്തത്. ഈ തീരുമാനം കേരള സർക്കാർ റദ്ദാക്കി. ആ ഉത്തരവിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ വാങ്ങുകയും




ചെയ്തു. ജനങ്ങൾക്ക് കുടിക്കാനും കൃഷിയ്ക്കും ആവശ്യമുള്ള ജലം ലഭിക്കുന്നില്ലെന്നും കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ ലംഘിച്ച് ആരോഗ്യത്തിന് ഹാനികരമായ ധാരാളം രാസപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും പഞ്ചായത്ത് ചൂണ്ടിക്കാണിച്ചിരുന്നു. ആ കേസ് നിലവിലുണ്ട്. കൂടാതെ കോള കമ്പനി പഞ്ചായത്തിനെതിരെ നൽകിയ അപ്പീൽ കേസും ജോലി നഷ്ടപ്പെടുമെന്ന് പറഞ്ഞ് തൊഴിലാളികൾ നൽകിയ കേസും നിലനിൽക്കുന്നു. സ്റ്റേ ഓർഡർ നിലനില്ക്കുന്നതു കൊണ്ട് കമ്പനിയ്ക്ക് പ്രവർത്തിക്കാനാവില്ല.

***? മലിനീകരണത്തെക്കുറിച്ച് ശരിയായ റിപ്പോർട്ട് കോടതിയിൽ നൽകാൻ വിവിധ സർക്കാർ ഏജൻസികൾ വിമുഖത കാണിച്ചതായി പറയപ്പെടുന്നു. താങ്കൾക്കെന്തു തോന്നുന്നു?***

● പ്രധാനമായും ഭൂഗർഭജല ചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനാണ് ഡോ.ജെയിംസ് (CWRDM) അദ്ധ്യക്ഷനായുള്ള മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിച്ചത്. അവരുടെ റിപ്പോർട്ട് വിശദമായ പഠിച്ച് അത് തികച്ചും തെറ്റാണെന്ന് ചൂണ്ടിക്കാട്ടി സുനിത നാരായൻ എനിക്കു വിശദമായ ഒരു കത്ത് നൽകിയിരുന്നു. ഞാനത് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

***? കോള കമ്പനി നടത്തുന്ന ഗുരുതരമായ മലിനീകരണം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പറയുന്നു. അത് കോടതിയുടെ ശ്രദ്ധയിൽ വന്നിരുന്നോ?***

● അതെക്കുറിച്ച് വിശദമായ റിപ്പോർട്ട് ഉണ്ട്. സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ടിൽ അത് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായ കാഡ്മിയം അടക്കമുള്ള കെമിക്കലുകൾ ഉണ്ടെന്നാണ് സൂചന. അതുകൊണ്ടാണ് പാർലമെന്റിൽ കൊക്കോകോള നിരോധിച്ചത്. ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാരും ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് ആദ്യം തയ്യാറാക്കിയ റിപ്പോർട്ട് മാറ്റി മറിച്ച് കമ്പനിയെ സഹായിച്ചു എന്ന ആരോപണം ഉണ്ടായിട്ടുണ്ട്.

***? കോള കമ്പനി സൃഷ്ടിയ്ക്കുന്ന മലിനീകരണ കാര്യത്തിൽ സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഈ കേസിൽ പരിഗണിക്കപ്പെടുമോ?***

● വളരെ വിദഗ്ദരായ ആളുകൾ അട

ങ്ങിയ ഒരു സമിതിയാണ് സുപ്രീംകോടതി, മോണിറ്ററിംഗ് കമ്മിറ്റി, പലരേയും നേരിൽ കണ്ട് അവർ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അവർ തയ്യാറാക്കുന്ന റിപ്പോർട്ടുകൾക്ക് സ്വാഭാവികമായും വളരെയേറെ നിയമ പ്രാമാണ്യമുണ്ട്.

*? മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കപ്പെട്ടാലും കാഡ്മിയം പോലുള്ളവയുടെ കൂമ്പാരം സൃഷ്ടിക്കപ്പെടുന്നത് വളരെ ഗുരുതരവും നീണ്ടു നിൽക്കുന്നതുമായ വിപത്തുകൾ സൃഷ്ടിക്കാനിടയാക്കും. ഇക്കാര്യം കോടതി പരിഗണനയ്ക്കെടുത്തിട്ടുണ്ടോ?*

● അത് ഏത് കോടതിയും പരിഗണനയ്ക്കെടുക്കേണ്ടതാണ്. ജനങ്ങളുടെ ജീവിക്കാനുള്ള അവകാശമാണ് ഏറ്റവും വലുത്. ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുകയെന്നത് കോടതിയുടെ കടമയാണ്. ഭരണഘടനയിലെ ആർട്ടിക്കിൾ 21-ാം അനുച്ഛേദത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

*? ജനങ്ങളോട് ഉത്തരവാദിത്തമുള്ള ഗവ. ഏജൻസികൾ ആ ചുമതല നിറവേറ്റുന്നതിൽ പരാജയപ്പെടുമ്പോൾ നാമെന്താണ് ചെയ്യുക?*

● ജനങ്ങൾ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. കേരള സർക്കാർ ആദ്യം മുതൽക്കു തന്നെ കമ്പനിക്കു അനുകൂലമായ നിലപാടാണെടുക്കുന്നതെന്ന ശക്തമായ ആക്ഷേപമുണ്ട്.

*? കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി?*

● കേസുകളെല്ലാം വിധി പറയാൻ മാറ്റി വെച്ചിരിക്കുന്നു. മിക്കവാറും എല്ലാ കേസുകളും വാദം പൂർത്തിയായി. തൊഴിലാളികൾ നൽകിയ കേസ് മാത്രമേ ഇനി പൂർത്തിയാകാനുള്ളൂ.

*? കേസ് ഏറ്റെടുക്കുന്നതിന് അങ്ങയെ പ്രേരിപ്പിച്ചതെന്താണ്?*

● ജനങ്ങളോട് ചെയ്യുന്ന വലിയൊരു സേവനം എന്നതാണ്. ഒരു ചെറിയ പഞ്ചായത്ത് അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പോലും സ്വാധീനം ചെലുത്തുന്ന ഒരു കമ്പനിയ്ക്കെതിരായി ചെയ്യുന്ന സമരത്തിൽ പങ്കാളിയാകാൻ കഴിയുന്നതിൽ കിട്ടുന്ന ചാരിതാർത്ഥ്യമുണ്ട്. പഞ്ചായത്തിന്റെ നിലപാടും വളരെ പ്രശംസിക്കപ്പെടേണ്ടതാണ്.

*? കേസിനിടയിൽ എന്തെങ്കിലും സമ്മർദ്ദങ്ങൾ?*

● പല വിധത്തിലുള്ള ഈ സമ്മർദ്ദങ്ങളും സ്വാധീനപ്പെടുത്താനുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. അതെക്കുറിച്ച് എം. പി. വീരേന്ദ്രകുമാർ എഴുതിയിരുന്നു. കേസിൽ നിന്നും പിൻമാറണമെന്നതായിരുന്നു അവരുടെ ആവശ്യം.

*? അങ്ങയ്ക്ക് ഫീസ് നൽകുന്നത് സർക്കാർ തടസ്സപ്പെടുത്തിയതിനെക്കുറിച്ച്*

● അങ്ങിനെ ചില ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. പഞ്ചായത്ത് നൽകുന്ന ഫീസ് ഗവൺമെന്റ് 77 ശതമാനത്തോളം വെട്ടിക്കുറച്ചു. പഞ്ചായത്തിന് ദോഷം ചെയ്യുന്ന ധാരാളം നടപടികൾ എടുക്കുകയും ചെയ്തു.

*? കേസിന്റെ വിധിയെക്കുറിച്ച് എന്താണ് പ്രതീക്ഷിയ്ക്കുന്നത്. സമരം ചെയ്യുന്ന തദ്ദേശവാസികൾക്ക് നീതി ലഭിയ്ക്കുമോ?*

● ഹൈക്കോടതി വിധിയ്ക്കനുസരിച്ച് പഞ്ചായത്തിന് പ്രവർത്തിക്കേണ്ടിവരും. ബഹുരാഷ്ട്ര കുത്തക കമ്പനിയായതുകൊണ്ടും അവർക്ക് ധാരാളം പണം ഉള്ളതുകൊണ്ടും ഹൈക്കോടതി വിധി അന്തിമമാകണമെന്നില്ല. വിധി കമ്പനിക്ക് പ്രതികൂലമാണെങ്കിൽ അവർ സുപ്രീംകോടതിയെ സമീപിക്കാനിടയുണ്ട്. ഇന്നത്തെ നിലയ്ക്ക് പഞ്ചായത്തിന് അനുകൂലമായ വിധി പ്രതീക്ഷിയ്ക്കുന്നു. എതിരായാൽ പഞ്ചായത്തിനും സുപ്രീംകോടതിയെ സമീപിയ്ക്കാം. കാരണം ഇതിലടങ്ങിയിരിക്കുന്നത് പഞ്ചായത്തിന്റെ പൊങ്ങച്ചത്തിന്റെ മാത്രം പ്രശ്നമല്ല; ജനങ്ങളുടെ കുടിവെള്ളത്തിന്റെ പ്രശ്നമാണ്. കുടിവെള്ളക്കാര്യത്തിൽ ജനങ്ങളുടെ അവകാശം നിഷേധിക്കാനാവുമെന്ന് തോന്നുന്നില്ല.

*? കേസിൽ ആരൊക്കെയാണ് കക്ഷി ചേർന്നത്? സമാനമായ കേസുകൾ മറ്റു വല്ലതും നിലനിൽക്കുന്നുണ്ടോ?*

● സമാനമായി പെപ്സി കമ്പനിയുടെ കേസ് ആണ് നിലവിലുള്ളത്. അതിൽ പഞ്ചായത്ത് നിലപാട് വ്യക്തമല്ല. ഈ കേസിൽ കമ്പനിയ്ക്കെതിരെ ഒന്നുരണ്ട് പൊതു പ്രവർത്തകർ കക്ഷി ചേർന്നിട്ടുണ്ട്. എന്നാൽ കേസിൽ കക്ഷി ചേർന്നിട്ടുള്ള കമ്പനി ജീവനക്കാർ കമ്പനിയ്ക്കനുകൂലമായ നിലപാടിൽത്തന്നെയാണ്.

*? ബഹുരാഷ്ട്ര കമ്പനി എന്ന നിലയിൽ കോളയുടെ പ്രവർത്തനം തടയുന്നത് നിക്ഷേപ സാധ്യതകളെ തടയും എന്ന സർക്കാരിന്റെ ഭയമാണോ സർക്കാർ നിലപാടുകൾക്കാധാരം?*

● ബഹുരാഷ്ട്ര കമ്പനി എന്ന നിലയിൽ നേരിട്ട് എന്തെങ്കിലും ഉടമ്പടി ഉണ്ടാക്കിയതായി അറിയില്ല. കമ്പനിയുടെ ഉടമസ്ഥതയുടെ സ്വഭാവവും വ്യക്തമല്ല. ഹിന്ദുസ്ഥാൻ കൊക്കക്കോള എന്ന പേരിലാണ് അവർ കമ്പനി രജിസ്ടർ ചെയ്തിട്ടുള്ളത്. രേഖകൾ ആവശ്യപ്പെട്ടപ്പോൾ കമ്പനി അത് നൽകാൻ വിസമ്മതിച്ചു. അത് വെളിപ്പെടുത്തുന്നതിന് തങ്ങൾ ബാധ്യസ്ഥരല്ല എന്നാണ് അവരുടെ നിലപാട്.

*? കുടിവെള്ളം വിതരണം ചെയ്യാൻ കമ്പനി വിമുഖത കാണിക്കുന്നതിനെക്കുറിച്ച്?*

● പ്ലാച്ചിമട യൂണിറ്റിൽ കോടികൾ ലാഭം ഉണ്ടാകുന്നുണ്ട്. 'ആ ലാഭത്തിൽ നിന്നും ഒരു വിഹിതമെടുത്ത് ജലസംഭരണികളിൽ നിന്നും വെള്ളം കൊണ്ടുവന്ന് പ്രവർത്തിക്കാവുന്നതേയുള്ളൂ. ലാഭം അല്പം കുറയും എന്ന് മാത്രം പഞ്ചായത്തിന് ഇപ്രകാരം പറയാൻ അധികാരമില്ലെന്നാണ് കമ്പനിയുടെ നിലപാട്. കമ്പനി പ്രവർത്തിക്കുന്നതിൽ പഞ്ചായത്തിന് എതിർപ്പില്ല. എന്നാൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന ഉപാധികളോട് കൂടി പ്രവർത്തിക്കണമെന്ന് മാത്രമേ പഞ്ചായത്തിന് നിർബന്ധമുള്ളൂ.

ഉപാധികൾ (1) രാസമാലിന്യങ്ങൾ പുറത്തുവരാൻ പാടില്ല.

(2) കുടിവെള്ള ക്ഷാമം ഉണ്ടാകരുത്.

(3) മലിനീകരണം ഉണ്ടാകരുത്.

ഇതെല്ലാം ഏതൊരു 'പരിഷ്കൃത രാജ്യവും ആവശ്യപ്പെടുന്ന കാര്യങ്ങളാണ്.

*? കോളയുടെ ചേരുവകൾ വെളിപ്പെടുത്താൻ പെപ്സിയും കൊക്കോകോളയും തയ്യാറാകത്തതെന്താണ്?*

● വെളിപ്പെടുത്താൻ തയ്യാറല്ല. സൗദി അറേബ്യ ദുബായ് പോലുള്ള ഗൾഫ് രാജ്യങ്ങളിൽ വിൽക്കുന്ന കൊക്കോകോളയും ഇന്ത്യയിൽ വിൽക്കുന്ന കൊക്കകോളയും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഇതെങ്ങനെ സംഭവിക്കുന്നു? അതിനർത്ഥം അവികസിതമായ മൂന്നാം രാഷ്ട്രങ്ങളിൽ ഗുണനിലവാരം കുറഞ്ഞത് വിൽക്കുകയും അമിതലാഭം എടുക്കുകയും ചെയ്യുന്നു എന്നാണ്. ചോദിക്കാനും പറയാനും ആളുള്ള വികസിത രാജ്യങ്ങളിൽ ഗുണനിലവാരം കൂടിയതും വിതരണം ചെയ്യുന്നു. കോടതി വാദത്തിനിടയിൽ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ഇന്ത്യൻ കൊക്കകോളയും ലണ്ടൻ മുതലായ വിദേശരാജ്യങ്ങളിൽ നൽകുന്ന കോളയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇത് ജനവഞ്ചനയാണ്. കൊക്കകോള എന്നുള്ളത് അന്താരാഷ്ട്ര പ്രശസ്തമായ ഒരു ലേബലാണ്. ആ ലേബലിൽ രണ്ട് തരം ഉല്പന്നങ്ങൾ ഉണ്ടാക്കുക എന്നുള്ളത് തന്നെ മോശമായ കാര്യമാണ്. അതിനർത്ഥം മൂന്നാം ലോകരാജ്യക്കാര് മോശക്കാർ. ഇംഗ്ലണ്ട് പോലുള്ള രാജ്യക്കാർ ഉയർന്നവരും. നമ്മൾ ഇന്ത്യക്കാർ അധഃകൃതരാണോ? അങ്ങനെയൊരു സമീപനം ഒരു ബഹുരാഷ്ട്ര കമ്പനി എടു

ക്കുന്നതിനെ അംഗീകരിക്കാൻ നമ്മുടെ ആത്മാഭിമാനം സമ്മതിക്കുന്നില്ല. അവവർ വിറ്റോട്ടെ. യാതൊരു കേടുമില്ലാത്ത, അവരുടെ ഫാക്ടറി കൊണ്ട് വെള്ളം മുടങ്ങാത്ത അവരുടെ ഫാക്ടറി കൊണ്ട് മലിനീകരണം സംഭവിക്കാത്തതരത്തിലുള്ള ഉല്പന്നം ഉണ്ടാക്കി വിറ്റോട്ടെ. അതിനൊരിക്കലും പഞ്ചായത്ത് തടസ്സം നിൽക്കുമെന്ന് തോന്നുന്നില്ല. പഞ്ചായത്തിന് ഇക്കാര്യത്തിൽ തുറന്ന മനസ്സാണുള്ളത്. തൊഴിലില്ലാത്ത ധാരാളം ആൾക്കാരുള്ള പഞ്ചായത്താണത്. ജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്ന കമ്പനി ഉണ്ടാകുന്നു എന്നുള്ളത് നല്ല കാര്യമല്ലേ? എന്നാൽ കമ്പനി ഒരു ഉപാധിയും അംഗീകരിക്കാൻ തയ്യാറല്ല.

*? കമ്പനി വളരെ കുറഞ്ഞ കൂലിയ്ക്കാണല്ലോ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത്?*

● അത് തീർച്ചയാണ്. അതുകൊണ്ടാണ് ചൈന തുടങ്ങിയ രാജ്യങ്ങളിൽ പ്ലാന്റുകൾ കൂടുതൽ തുടങ്ങാൻ ആഗ്രഹിക്കുന്നത്. കുറഞ്ഞ വേതന നിരക്കിൽ ജോലി ചെയ്യിച്ച് ലാഭം ഉണ്ടാക്കാനുള്ള ശ്രമമാണ്.

*? വികസനം, വിദേശ മുതൽമുടക്ക് തുടങ്ങിയ പ്രശ്നങ്ങൾ ആണ് കോളക്കമ്പനിയ്ക്കനുകൂലമായി ഉന്നയിക്കപ്പെടുന്ന വാദങ്ങൾ. അതിൽകാര്യമുണ്ടെന്ന് കരുതുന്നുണ്ടോ?*

● അങ്ങിനെ ചിന്തിക്കുന്നവർ ഉണ്ട്. വികസനം മനുഷ്യരാശിയ്ക്ക് ഗുണകരമാകണം, എന്നാൽ മനുഷ്യരാശിയ്ക്ക് ദോഷകരമായ ഒരു വികസനം എന്തിനാണ്?


## ജലം, ജലചൂഷണം, ജല സംരക്ഷണം
## അധിക വായനയ്ക്ക്/പ്രവർത്തനങ്ങൾക്കുള്ള പുസ്തകങ്ങൾ



- വെള്ളം, (പരിഷ്കരിച്ച നാലാമത് പതിപ്പ്) അജയകുമാർ കെ., തുടർ പഠനങ്ങൾ എസ്. അജയകുമാർ, പേജ് 102, വില 50 രൂപ. ഡി.സി. ബുക്സ്.
- റിജൂവിനേറ്റിംഗ് ടാങ്ക്സ്: എ സോഷ്യോ ഇക്കോളോജിക്കൽ അപ്രോച്ച് കെ.വി. രാജു, ജി.കെ. കാരന്ത്,എം.ജെ. ബിന്ദ്രേ, ഡി. രാജശേഖരൻ,കെ.ജി. ഗായത്രീദേവി. വില: 350 രൂപ
- ലിങ്കിംഗ് ഓഫ് ഇന്ത്യൻ റിവേഴ്സ് : ചില ചോദ്യങ്ങൾ, രാമസ്വാമി ആർ. അയ്യർ. വില : 30 രൂപ
- ദി ഇംപാക്ട് ഓഫ് റിവർ പ്രൊജക്ട്, ഡോ. വന്ദന ശിവ, കുൻവർ ജലീസ്. വില : 60 രൂപ



- റീ തിങ്കിംഗ് ദ മൊസൈക് : ഇൻവെസ്റ്റിഗേഷൻസ് ഇൻ ടു ലോക്കൽ വാട്ടർ മാനേജ്മെന്റ് മെന്റ്ഡ്മാർക്കസ് മോഞ്ച്, എലിസബത്ത് കാസ്പാരി 1999. വില : 1000 രൂപ
- ദ ഫ്ളൂയിഡ് മൊസൈക്ക് : വാട്ടർ ഗവേണൻസ് ഇൻ ദ കോൺടെക്സ്റ്റ് ഓഫ് വാരിയബിലിറ്റി, അൺസെർട്ടേനിറ്റി ആന്റ് ചേഞ്ച്
- മാർക്കസ് മോഞ്ച്, അജയ ദീക്ഷിത്, എസ്. ജനകരാജൻ, എം.എസ്. റാത്തോർ, ശ്രീനിവാസ് മുദ്രകർത്ത. വില : 600 രൂപ
- വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് സസ്റ്റൈനബിൾ സപ്ലൈ ഇൻ ഇന്ത്യ, ആർ.എൻ. അത്തവാൽ. വില : 625 രൂപ
- കോർപ്പറേറ്റ് ഹൈജാക്ക് ഓഫ് വാട്ടർ, ഡോ. വന്ദനാ ശിവ, രാധാ ഹോളഭർ, അസഫർ എം. ജാഫ്രി, കുൻവർ ജലീസ്. വില : 75 രൂപ. പേജുകൾ 55



**COCA COLA**
**QUIT PLACHIMADA QUIT INDIA**
The Story of Anti Coca Cola struggle at Plachimada in Kerala. Page : 28-00, Contribution Rs. 10-00, Convener, Coca Cola Virudha Janakeeya Samara Samithi.

- വാട്ടർ, പെർസ്പെക്ടീവ്സ്, ഇഷ്യൂസ്, കൺസേൺസ്, രാമസ്വാമി, ആർ. ഐയർ. വില : 550
- ഫ്രം പോവർട്ടി ടു പ്ലെന്റി : സ്റ്റോറി ഓഫ് റലീഗൻ സിദ്ധി, ശ്രീ. ഗനേശ് ആന്റ് വസുധ പാംഗ്രേ. വില : 135 രൂപ
- ഡാംസ് വേഴ്സസ് ഡ്രിങ്കിംഗ് വാട്ടർ : എക്സ്പ്ലോറിംഗ് ദ നർമദ ജഡ്ജ്മെന്റ്, എൽ.സി. ജയിൻ. പേജുകൾ 131. വില: 75 രൂപ



- ലാർജ് ഡാംസ് ഇൻ ഇന്ത്യ : എൻവയോൺമെന്റൽ, സോഷ്യൽ ആന്റ് ഇക്കണോമിക് ഇംപാക്ട്സ്. ശേഖർ സിംഗ്, റാനബ് ബാനർജി. വില 500 രൂപ. പേജുകൾ 338
- ദ വാട്ടർ മാനിഫെസ്റ്റോ : ആർഗ്യുമെന്റ്സ് ഫോർ ദ വേൾഡ് വാട്ടർ കോൺട്രാക്ട്, റിക്കോർഡോ പെട്രേല. വില 300 രൂപ
- ദ റൂൾ ഓഫ് വാട്ടർ, സ്റ്റേറ്റ് ക്രാഫ്റ്റ്, ഇക്കോളജി ആന്റ് കളക്ടീവ് ആക്ഷൻ ഇൻ സൗത്ത് ഏഷ്യ, ഡേവിഡ് മോസ്. വില : 675 രൂപ



- റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്, ശ്രീ പെദ്രാ വില 110 രൂപ
- വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, എം.എൻ. റാവു, എ.കെ. ദത്ത. പേജുകൾ : 345. വില : 130
- വാട്ടർ, ഫുഡ് & എൻവിറോൺമെന്റ് എ കോൾ ഫോർ സസ്റ്റയിനബിലിറ്റി. ജെ. പോൾ ഭാസ്കർ. പേജുകൾ : 56. രൂപ : 20
- ലെറ്റ് ദി വാട്ടർ ഫ്ളോ – നീതി സമാക്യാ പേജുകൾ : 70. രൂപ : 50
- ദി റേഡിയന്റ് റെയിൻ ഡ്രോപ്സ് ഓഫ് രാജസ്ഥാൻ, അനുപം മിശ്ര. പേജുകൾ : 145, രൂപ : 180
- ഇന്റർലിങ്കിംഗ് റിവേഴ്സ് കോൺട്രഡിക്ഷ്യൻസ് & കൺഫ്രന്റേഷൻസ്. രൂപ 100



- റിവർ ലിങ്കിങ് എ മില്ലേനിയം ഫോളി എഡിറ്റർ മേധാപട്കർ. പേജുകൾ : 131. രൂപ : 100
- **Water Wars**

  Privatization, Pollution and Profit Vandana Shiva, Published by India Research press, New Delhi. Page - 170, Price - 245/-
- **Blue Gold**

  The fight to stop the coporate theft of the worlds water by Maude Barlow, Tony Clark, Left Word, Page 290. Rs. 195/-

  Privatisation of Rivers in India : By Arun Kumar Singh, Vikas Adhyan Kendra, Mumbai, page - 218


വിശദമായ കാറ്റലോഗിനും കൂടുതൽ വിവരങ്ങൾക്കും കോപ്പികൾക്കും ബന്ധപ്പെടുക. വില മുൻകൂർ അയച്ചാൽ തപാൽ ചെലവ് സൗജന്യം. വി.പി.പി സൗകര്യം ഉണ്ടായിരിക്കുന്നതാണ്. M.O./D.D. അയക്കേണ്ട വിലാസം:

കേരളീയം

മാനേജർ, കേരളീയം, തൃശൂർ-21, ഫോൺ: 0487-2421385